പതിനാലാം കേരള നിയമ സഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. T 6364 — 08-11-2016-ൽ മറുപടിക്ക്.

അക്ഷയ പദ്ധതി

**ചോദ്യം**

ശ്രീ. സി.കൃഷ്ണൻ
ശ്രീ. വി.കെ.സി. മമ്മത് കോയ
ശ്രീ. വി.ജോയി
ശ്രീ. കെ. വി. അബ്ദുൾ ഖാദർ

**മറുപടി**

ശ്രീ. പിണറായി വിജയൻ
മുഖ്യമന്ത്രി

| | | | |
|---|---|---|---|
| (എ) | വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച അക്ഷയ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | വിവര സാങ്കേതിക വിദ്യയുടെ ഗുണഫലങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ആരംഭിച്ച അക്ഷയ പദ്ധതിയിൻ കീഴിൽ 2600-ലധികം അക്ഷയ കേന്ദ്രങ്ങൾ സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ത്രിതല തിരഞ്ഞെടുപ്പ് പ്രക്രിയയിലൂടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമാണ് അക്ഷയ സംരംഭകരെ തിരഞ്ഞെടുക്കുന്നത്. അക്ഷയ കേന്ദ്രങ്ങളുടെ ബ്രാൻഡിംഗ് ഘട്ടംഘട്ടമായി ജില്ലകളിൽ നടപ്പിലാക്കുന്നതോടൊപ്പം സംരംഭകരെ പുതിയ സേവനങ്ങളെക്കുറിച്ച് ബോധവാൻമാരാക്കുന്നതിനുവേണ്ടി അവബോധ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നുണ്ട്. പുതിയ പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിനു വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ ഡിജിറ്റൽ ഇന്ത്യ |

| | | | |
|---|---|---|---|
| | | | പദ്ധതിയുമായി സഹകരിച്ച് 2015-2016 കാലഘട്ടത്തിൽ കേരളത്തിലുടനീളം ക്ലാസ്സുകളും ക്യാംപെയിനുകളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ വിവിധ സർക്കാർ സേവനങ്ങളായ രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റിന്റെ സേവനങ്ങൾ, ശുചിത്വമിഷൻ രജിസ്ട്രേഷൻ, മൈനിങ്ങ് & ജിയോളജി വകുപ്പ്, കേരള ഫാർമസി കൗൺസിൽ തുടങ്ങിയവയുടെ സേവനങ്ങളും അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കി വരുന്നു. |
| (ബി) | അക്ഷയ സെന്ററുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിശദമാക്കുമോ; | (ബി) | അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നത് പബ്ലിക്-പ്രൈവറ്റ് പങ്കാളിത്ത രീതിയിലാണ് (PPP). ദേശീയ ഇ-ഗവേണൻസ് പദ്ധതിയുടെ കീഴിൽ സർക്കാർ സേവനങ്ങൾ (G2C, G2B, G2G, G2G&G2E) വേഗത്തിലും കാര്യക്ഷമമായും അക്ഷയ വഴി ജനങ്ങളിലെത്തിക്കുന്നുണ്ട്. മാത്രമല്ല ഗവൺമെന്റിതര ഏക ജാലക സേവനങ്ങളും സാധാരണ നിരക്കിൽ ഇതുവഴി ലഭ്യമാക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് അക്ഷയയുടെ സേവനം വേഗത്തിൽ ലഭ്യമാക്കുന്നതിനായി ഓരോ ഗ്രാമ പഞ്ചായത്തിലും ഒരു അക്ഷയ കേന്ദ്രമെങ്കിലും പ്രവർത്തിച്ചു വരുന്നുണ്ട്. ഗവൺമെന്റിന്റെ സേവനങ്ങൾ ജനങ്ങളിലേക്കെത്തിക്കുമ്പോൾ സർക്കാർ നിശ്ചയിച്ചിട്ടുള്ള സേവന നിരക്കുകളാണ് അക്ഷയ കേന്ദ്രങ്ങൾ ഈടാക്കി വരുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം സർക്കാരിതര സേവനങ്ങളാണ് അക്ഷയ കേന്ദ്രങ്ങൾ വഴി ലഭ്യമാക്കുന്നത്; | (സി) | ഒരു സ്വകാര്യ ഇന്റർനെറ്റ് കഫേ സാധാരണ ജനങ്ങൾക്ക് നൽകുന്ന സേവനങ്ങളുൾപ്പെടെ<br>1) ആധാർ<br>2) ബാങ്കിംഗ് കിയോസ്ക്<br>3) ഇൻഷുറൻസ് സേവനങ്ങൾ<br>4) ബാങ്കിംഗ് കിയോസ്ക് (13 ദേശസാൽകൃത ബാങ്കുകളുടെയും മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളുടെയും കീഴിലായി 1779 അക്ഷയ കേന്ദ്രങ്ങൾ ബാങ്കിംഗ് കിയോസ്ക് നടത്തി വരുന്നു.)<br>5) KASE രജിസ്ട്രേഷൻ<br>6) കോമൺ സർവ്വീസ് സെന്ററിന്റെ SPV സേവനങ്ങൾ<br>7) LIC യുടെ Micro Insurance പദ്ധതികൾ<br>8) പ്രവാസി വിദ്യാവികാസ് സ്കോളർഷിപ്പ്<br>9) വെസ്റ്റേൺ യൂണിയൻ മണി ട്രാൻസ്ഫർ<br>10) കേരള മാട്രി മോണി<br>11) വെഹിക്കൾ ST രജിസ്ട്രേഷൻ<br>12) IRCTC<br>13) Easy Lab<br>14) Mobile TopUp<br>15) Red-Bus Ticket Booking<br>16) പഞ്ചമി ടാക്കീസ്<br>17) ബി. എസ്. എൻ.എൽ ബിൽ |

| | | | |
|---|---|---|---|
| (ഡി) | ഏതെല്ലാം സർക്കാർ സേവനങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾ വഴി ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) | 1) ആധാർ<br>2) ഇ-ഡിസ്ട്രിക്ട് വഴി വിവിധ റവന്യൂ സർട്ടിഫിക്കറ്റുകൾ, വാട്ടർ അതോറിറ്റി, ഇലക്ട്രിസിറ്റി, വിവിധ യൂണിവേഴ്സിറ്റി, വിവരാവകാശം സംബന്ധിച്ച അപേക്ഷകൾ കൾച്ചറൽ വെൽഫയർ അംശാദായം മുതലായവയുടെ ഫീസ് അടയ്ക്കുന്നതിനും പൊതുജനങ്ങൾക്ക് ഓൺലൈൻ വഴി ജില്ലാ കളക്ടർക്ക് പരാതിയും അപേക്ഷകളും സമർപ്പിക്കുവാനും സാധിക്കും.<br>3) ഇൻഷ്വറൻസ് സേവനങ്ങൾ<br>4) രജിസ്ട്രേഷൻ ഡിപ്പാർട്ട്മെൻറിന്റെ സേവനങ്ങൾ<br>5) ഇ-ഗ്രാന്റ്സ്<br>6) ഇലക്ഷൻ ID കാർഡ്<br>7) ഫുഡ് എസ്റ്റാബ്ലിഷ്മെന്റ് ലൈസൻസിങ് & രജിസ്ട്രേഷൻ അപേക്ഷ<br>8) ഇ-ഫയലിംഗ്<br>9) ആം ആദ്മി ബീമാ യോജന<br>10) കെ.എൻ.ആർ.കെയുടെ അംശാദായം സ്വീകരിക്കൽ<br>11) ഫാർമസി കൗൺസിൽ രജിസ്ട്രേഷൻ<br>12) ഹജ് രജിസ്ട്രേഷൻ<br>13) ശുചിത്വ മിഷൻ രജിസ്ട്രേഷൻ<br>14) കോമൺ സർവ്വീസ് സെന്ററിന്റെ SPV സേവനങ്ങൾ<br>15) കേരള മെഡിക്കൽ എൻജിനീയറിങ് എൻട്രൻസ് |

| | | | |
|---|---|---|---|
| | | | 16) മൈനിങ് & ജിയോളജി വകുപ്പ്<br>17) റേഷൻ കാർഡ് ആപ്ലിക്കേഷൻ<br>18) ഫാർമേഴ്സ് ഡാറ്റാ എൻട്രി<br>19) SC/ST പ്രീമെട്രിക് ഡാറ്റാ എൻട്രി<br>20) ഡയറി ഡെവലപ്പ്മെന്റ് വെൽഫയർ ബോർഡ് രജിസ്ട്രേഷൻ<br>21) MVD ആപ്ലിക്കേഷൻ<br>22) ജനസമ്പർക്ക പരിപാടി<br>23) ഫുഡ് സേഫ്റ്റി രജിസ്ട്രേഷൻ.<br>24) കേരള ഫാർമസി കൗൺസിൽ. |

സെക്ഷൻ ഓഫീസർ